"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് - പൊതുവഴിയിൽ കമാന നിർമ്മാണത്തിനായി പണം ചെലവഴിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എഎ)വകുപ്പ്**

സ.ഉ.(സാധാ) നം.1208/2026/LSGD തീയതി,തിരുവനന്തപുരം, 01-07-2026

---

പരാമർശം:- 18.10.2024, 19.12.2025 എന്നീ തീയതികളിലെ പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/32059/2024-AM3 നമ്പർ കത്ത്

**ഉത്തരവ്**

പൊതു വഴികൾക്കു കുറുകെ സ്ഥിരമായി സ്ഥാപിച്ചിട്ടുള്ള ആർച്ചുകൾ നീക്കം ചെയ്യണമെന്ന കോടതി ഉത്തരവും സർക്കാർ നിർദ്ദേശവും ലംഘിച്ചുകൊണ്ട് അഞ്ചൽ ബ്ലോക്കോഫീസിലേക്കുള്ള പൊതു വഴിയിൽ ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ പേരെഴുതിയ കമാനം നിർമ്മിക്കുന്നതിന് ചിലവഴിച്ച 3,58,229/- രൂപ (മൂന്ന് ലക്ഷത്തി അൻപത്തിയെട്ടായിരത്തി ഇരുനൂറ്റി ഇരുപത്തിയൊൻപത് രൂപ മാത്രം) അഞ്ചൽ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2011-12, 2012-13 ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-26 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. സർക്കാർ സാധൂകരണം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണെന്ന് ഓഡിറ്റ് വകുപ്പ് പുനരഭിപ്രായകുറിപ്പ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും അതിനാൽ സാധൂകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പരാമർശപ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അപേക്ഷ ലഭ്യമാക്കുകയുണ്ടായി .

2.ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ ബോർഡ് പ്രധാന റോഡിൽ നിന്നും വളരെ അകലെയായതിനാൽ പ്രസ്തുത ബോർഡ് ശ്രദ്ധയിൽപെടാത്തതിനാൽ പരിസര വാസികൾ അല്ലാത്ത പൊതുജനങ്ങൾക്ക് ഓഫീസിൽ എത്തിച്ചേരാനായി ബുദ്ധിമുട്ട് അനുഭവപ്പെട്ടതിനാലാണ് ഇപ്രകാരം ഒരു പ്രോജക്ട് നടപ്പിലാക്കിയതെന്നും, റോഡിൽ യാതൊരു വിധത്തിലുള്ള ഗതാഗത തടസ്സവും ഉണ്ടാകാത്ത രീതിയിലാണ് കമാനം നിർമ്മിച്ചിരിക്കുന്നത് എന്നും ബ്ലോക്ക് ഓഫീസ്, ക്ഷീരവികസന ഓഫീസ്, കൃഷി ഓഫീസ്

തുടങ്ങിയ വിവിധ സർക്കാർ ഓഫീസുകളും ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിനുള്ളിൽ പ്രവർത്തിക്കുന്നതിനാൽ പ്രസ്തുത ഓഫീസുകളിൽ വരുന്ന ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധം പ്രസ്തുത ഓഫീസുകളുടെ പേര് എഴുതി പ്രദർശിപ്പിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിക്കുകയുണ്ടായി. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സാധൂകരണം നൽകുന്നതിന് ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതിയും ശുപാർശ ചെയ്തതായും ഓഡിറ്റ് പരാമർശം വന്നതിനുശേഷം സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായ പ്രോജക്ടുകൾ അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തിട്ടില്ലായെന്നും അതിനാൽ സാധൂകരണം നൽകണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് **2011-12, 2012-13** വാർഷിക പദ്ധതി പ്രകാരം നടപ്പിലാക്കിയ "പ്രോജക്ട് നമ്പർ **91/13**- പൊതുവഴിയിൽ കമാന നിർമ്മാണം" എന്ന പ്രവൃത്തിക്ക് **3,58,229**/-രൂപ (മൂന്ന് ലക്ഷത്തി അൻപത്തിയെട്ടായിരത്തി ഇരുനൂറ്റി ഇരുപത്തിയൊൻപത് രൂപ മാത്രം) ചെലവഴിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**LIZY SUSAN JOHN**
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം
വെബ് &ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(എഎ2/54/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Jayakrishnan. K
Date: 01-07-2026 11:08:45
സെക്ഷൻ ഓഫീസർ